കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

e-mail doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം :- കെ.എസ്.എ. - കെ എൽ. എം/പി11/1564/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-20.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-വെട്ടിക്കവല ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചാത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം :- കെ.എസ്.എ. - കെ എൽ. എം /പി/11-1564/2019 തീയതി: 20.01.2020.

**കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-02-2019 മുതൽ 22-09-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 23.09.2019 മുതൽ 04.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി അജി.കെ.എസ്. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | | ശ്രീമതി സോണിയ ജെ.സെബാസ്റ്റ്യൻ | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി മഞ്ജുളാ സാഗർ | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ജമീല ബീവി.എം | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രീത മാത്തുക്കുട്ടി | 01-04-2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഷിബു.എസ് | 01-04-2018 മുതൽ 01.06.2018 FNവരെ |
| | ശ്രീമതി.അനിതകുമാരി ഐ. (ഇൻചാർജ്) | 01.06.2018 AN മുതൽ 20.06.2018 വരെ |
| | ശ്രീ.എസ്.കനകരാജ് (ഇൻചാർജ്) | 21.06.2018മുതൽ 25.06.2018 വരെ |
| | ശ്രീ.രാജൻ.റ്റി | 26.06.2018മുതൽ 06.08.2018 FNവരെ |
| | ശ്രീ. എസ്. ശിവകുമാർ | 06.08.2018AN മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.അനിതകുമാരി ഐ. | 01-04-2018 മുതൽ 20.06.2018 വരെ |
| | ശ്രീ. രമേശ്കുമാർ.പി. | 22.06.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിത്ത് സാം | 01-04-2018 മുതൽ 06.02.2019 വരെ |
| | ഡോ.ഡാരോൺ ജോസഫ് | 07.02.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.സന്തോഷ്കുമാർ.കെ.ആർ. | 01-04-2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നസ്റിയ ഷെരീഫ് | 01-04-2018 മുതൽ 15.08.2018 വരെ |
| | ശ്രീമതി.സോണിയ റ്റി.എൻ | 16.08.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീ.സുരേഷ്.കെ.ജി | 01-04-2018 മുതൽ 11.07.2018 വരെ |
| | ശ്രീ.ജയഭദ്രൻ.ആർ | 12.07.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.സുധീഷ്കുമാർ.എസ് | 01-04-2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ഒ.രമാദേവി അമ്മാൾ | 01-04-2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി. ലിസിക്കുട്ടി ജോർജ് | 01-06-2018 മുതൽ 31.03.2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനീഷ്ചന്ദ്രൻ | 01-04-2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി.അഞ്ജു.എം | 01-04-2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി ദീപ.എസ് | 23-02-2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് . സൂപ്പർവൈസർ | ശ്രീമതി.സ്മിത.എസ് | 01-04-2018 മുതൽ 06-07-2018 വരെ |
| | ശ്രീമതി.ഷീജ.എ. | 07-07-2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |

| | | |
|---|---|---|
| 12 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല. | 1-12 |
| 13 | യൂനസ് കോളേജ് ഓഫ്എഞ്ചിനിയറിംഗ് -വസ്തു നികുതി ഒടുക്കുന്നില്ല. | 1-13 |
| 14 | അനധികൃത നിർമ്മാണം അസസ്സ് ചെയ്ത് നികുതി ഈടാക്കുന്നില്ല. | 1-14 |
| 15 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-15 |
| 16 | ലേലം-അപാകതകൾ | 1-16 |
| 17 | ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല. | 1-17 |
| 18 | ഡി &ഒ ലൈസൻസ് – കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. | 1-18 |
| 19 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഉപയോഗ രഹിതമായി നിലകൊള്ളുന്നു. | 1-19 |
| 20 | കെട്ടിട നിർമ്മാണ പെർമിറ്റ് -കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. | 1-20 |
| 21 | ലൈഫ് ഭവന പദ്ധതി -അവലോകനം | 1-21 |
| 22 | ആദ്യ ഗഡു കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-21(a) |
| 23 | ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല, ആദ്യ ഗഡു - 3,75,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | ലൈഫ് ഭവന പദ്ധതി-തറ വിസ്തീർണ്ണം അധികരിച്ചവർക്ക് ധന സഹായം നൽകുന്നില്ല | 1-23 |
| 25 | വിവിധ പദ്ധതികൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 1-24 |
| 26 | രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | വൃക്ഷത്തൈകൾ നട്ടതിനു രേഖകളില്ല, തൈകളുടെ തുടർ പരിപാലനം നടപ്പായിട്ടുമില്ല | 1-26 |
| 28 | കന്നുകുട്ടി പരിപാലനം--8,12,500/-രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 29 | എഗ്രിമെന്റ് വച്ച കരാറുകാരൻ വർക്ക് ആരംഭിച്ചില്ല – നിയമ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി. | 1-28 |
| 30 | വെട്ടിക്കവല മാർക്കററ് ജംഗ്ഷൻ – കീഴതിൽ ഭാഗം റോഡ് കോൺക്രീറ്റിംഗ് – | 1-29 |

| | | |
|---|---|---|
| | നിർമ്മാണത്തിലെ അപാകതകൾ | |
| 31 | തെരുവ് വിളക്കുകൾക്കായി ഒന്നിലധികം പദ്ധതികൾ- ആവശ്യകത കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്നു. | 1-30 |
| 32 | തൊഴിലുറപ്പ് പദ്ധതി | 1-31 |
| | ഭാഗം 2 | |
| 33 | വസ്തുനികുതി-നഷ്ടം 24,635/- രൂപ | 2-1 |
| | ഭാഗം 3 | |
| | ഭാഗം 4 | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 35 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 42 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 46 | പത്രികകൾ | അനുബന്ധം-2 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

11/2/2019 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 96,88,874/- |
| വരവ് | 12,72,40,866/- |
| ആകെ | 13,69,29,740/- |
| ചെലവ് | 11,2681,152/- |
| നീക്കിയിരിപ്പ് | 2,42,48,588/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 26688511 | 26688511 | 23520325 | 3168186 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 14570000 | 14570000 | 13463233 | 1106867 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 91000 | 91000 | | 91000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5790000 | 5790000 | 5662763 | 127237 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5426000 | 5426000 | 2926645 | 2499355 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12386000 | 12386000 | 10759628 | 1626372 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | | | | |
| സാക്ഷരത | | 164993 | 6818 | 171811 | - | 171811 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 62869 | 571581 | 634450 | 17627 | 616823 |
| | അഡ്മിനിസ്ട്രേറ്റീവ് | - | 42607222 | | 42607222 | |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി.എസ് | | 1705486 | 1065869 | 2771355 | 996652 | 1774703 |
| റ്റി.എസ്.സി സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 683139 | 1903486 | 2586625 | 315000 | 2271625 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടി.എസ്.സി | | 683139 | 1903486 | 2586625 | 315000 | 2271625 |
| വിമുക്തി | | – | 4443350 | 4443350 | 4131450 | 311900 |
| എസ്.എസ്.എ | | 12531 | 518 | 13049 | – | 13049 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 4461250 | 4461250 | 4131450 | 329800 |
| | ജില്ലാ പഞ്ചായത്ത് | 479309 | 7070666 | 7549925 | 5303192 | 2246778 |
| ബി ഫണ്ട് | | – | 23105878 | 23105178 | 23105878 | – |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5002783 | 19485500 | 244288283 | 41898077 | 17409794 |
| | ട്രഷറി അക്കൗണ്ട് | 136185 | 320845 | 3344640 | 1785850 | 1558790 |

# 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 483 | 229692665 | 168 | 124034039.1 | 218 | 97 | 54 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)172/19- ഇലവും പച്ച പി.എച്ച്.സി റോഡ് കോൺക്രീറ്റ്

2)154/19-കമുകിൻകോട് അങ്കണവാടി മെയിന്റനൻസ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 62869 | 571581 | 634450 | 17627 | 616823 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 42607222 | 42607222 | 42607222 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

**തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33,0600/- | 205 |
| കർഷകതൊഴിലാളി പെൻഷൻ | 7,46,0200/- | 1831 |
| വിധവാപെൻഷൻ | 2,02,82,600/- | 5237 |
| വാർദ്ധക്യകാലപെൻഷൻ | 3,07,62,300/- | 7864 |
| വികലാംഗപെൻഷൻ | 68,54,800/- | 1626 |
| വിവാഹ ധനസഹായം | 9,90,000/- | 33 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/9/19 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,976/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. പെർമിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിച്ചിട്ടില്ല. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് നടന്നിട്ടുള്ളതെങ്കിലും കമ്മറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.7.19 | 4-19,<br>5-19,<br>6-19 | 15.7.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.9.18-15.9.18 | 2013-14-<br>2017-18 | 24.10.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ഐ.ഒ.ബി തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും ചെക്ക് നം.098312, 10.10.2017 പ്രകാരം 4955/-രൂപയും എസ്.സി.ബി വെട്ടിക്കവല അക്കൗണ്ടിൽ നിന്നും ചെക്ക് നം.066203, 6.6.2018 പ്രകാരം 340/-രൂപയും ഇഷ്യൂ ചെയ്തുവെങ്കിലും ബാങ്ക് അക്കൗണ്ടുകളിൽ നിന്നും തുകകൾ നാളിതുവരെയും ഡെബിറ്റ് ചെയ്യപ്പെട്ടില്ല. ഈ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ജോയിൻറ് വെഞ്ച്വർ അക്കൗണ്ടുകൾക്കായി പ്രത്യേക ട്രഷറി അക്കൗണ്ട് ഇല്ല.

3. ബി-3 ഷെഡ്യൂളും ബി-11 +ബി11 (എ) യും തമ്മിലുള്ള വ്യത്യാസമായ 6,99,723/-രൂപ ഉപയോഗിച്ച് ആസ്തി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4. ഇ. എം.ഡി -കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

5. എംപ്ലോയീസ് ലയബിലിറ്റീസ് –പെൻഷൻ കോൺട്രിബ്യൂഷൻ- എ.എഫ്.എസ് പ്രകാരം 51,050/-രൂപ എന്നാൽ രജിസ്റ്റർ പ്രകാരം 60,461/-രൂപ.

6. ബി-11 ഷെഡ്യൂളിൽ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ ഇനത്തിൽ സീവേജ് & ഡ്രെയിനേജ് വാട്ടർ വേയ്സ് എന്നീ ഇനങ്ങളിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ ആസ്തി ഉൾപ്പെടുത്തിയിട്ടില്ല. (മുൻ വർഷങ്ങളിലും ഈയിനങ്ങളിൽ ആസ്തി ഇല്ല )

7. വികസന ഫണ്ട് (ജനറൽ), (എസ്.സി.പി ) എം.ജി (റോഡ്), എം.ജി(നോൺ റോഡ്) എന്നിവയുടെ നീക്കിയിരുപ്പ് തുകകൾ എ.സി.ആറിലേതും സാംഖ്യ ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

ഇനം സാംഖ്യാ ട്രയൽ ബാലൻസ് എ.സി.ആർ

**വികസന ഫണ്ട്- 3,456,257/-**

ജനറൽ

.പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1) വസ്തു നികുതി- അൺ എയിഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.
ആയത് കുടിശ്ശികയായി B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഡിമാൻറ് ചെയ്ത് ഈടാക്കുന്നില്ല. കരിക്കം ഇന്റർനാഷണൽ പബ്ലിക് സ്കൂൾ എസ്.ഡി.എ.സ്കൂൾ-കരിക്കം,

ടി.ഡി.ബി.സെൻട്രൽ സ്കൂൾ-വെട്ടിക്കവല, മാർബസേലിയസ് ഓഷൻസ്റ്റാർ സ്കൂൾ, യൂനസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് എന്നിവയാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ സ്ഥാപനങ്ങൾ കൂടാതെ മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

## 1.എസ്.ഡി.എ. സ്കൂൾ, കരിക്കം

എസ്.ഡി.എ. സ്കൂളിന്റെ 31 ച.മീറ്റർ മാത്രം വിസ്തൃതി വരുന്ന ഒരു കെട്ടിടം മാത്രമേ (കെട്ടിടനം 1/921) അസസ്സ് ചെയ്തിട്ടുള്ളൂ. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം6പ്രകാരം ഇത് 10 വർഷം മുമ്പ് നമ്പർ നൽകിയ കെട്ടിടമാണ്. അസ്സസ്സ് ചെയ്ത കെട്ടിടത്തിന്റെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടും ഇല്ല. ഹയർസെക്കന്ററിതലം വരെയുള്ള 2000ൽ പരം കുട്ടികൾ പഠിക്കുന്ന സ്ഥാപനമായിട്ടും 31 ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടം മാത്രമെ ഇവിടെ നിലവിലുള്ളൂ എന്നത് അംഗീകരിക്കാനാകില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിലാണ് ടി സ്ഥാപനം പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാകുന്നു.

## 2.ടി.ഡി.ബി. സെൻട്രൽ സ്കൂൾ

സഞ്ചയയിൽ നിന്നും ടി.ഡി.ബി.സെൻട്രൽ സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച യാതൊരുവിവരങ്ങളും ലഭ്യമായിട്ടില്ല. 3-ാം വാർഡിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ വസ്തുനികുതി നാളിതുവരെ അസസ്സ് ചെയ്തിട്ടില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിലാണ് ടി സ്ഥാപനം പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാകുന്നു.

## 3.മാർബസേലിയസ് പബ്ളിക് സ്കൂൾ,ചിരട്ടക്കോണം

സ്കൂളിന്റെ 252 ച.മീറ്റർ വിസ്തൃതി വരുന്ന ഒരു കെട്ടിടമാണ് (കെട്ടിടനം 1/921) അസസ്സ് ചെയ്തിട്ടുള്ളത്. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം6പ്രകാരം ഇത് 10 വർഷം മുമ്പ് നമ്പർ നൽകിയ കെട്ടിടമാണ്. അസ്സസ്സ് ചെയ്ത കെട്ടിടത്തിന്റെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടുമില്ല. ടി സ്കൂളിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങൾ കൂടി അസസ്സ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

**തൻവർഷം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം. | കെട്ടിട നം | തറ വിസ്തൃതി (ച.മീ.) | വാർഷിക വസ്തുനികുതി (രൂപ) | ലൈബ്രറി സെസ് (രൂപ) |
|---|---|---|---|---|
| 1 | 1/840 കരിക്കം ഇന്റർനാഷ്ണൽ പബ്ളിക് സ്കൂൾ, കരിക്കം | 2,464.53 | 22,773 | 1,085 |
| 2 | 6/920 മാർബസേലിയസ് പബ്ളിക് സ്കൂൾ,ചിരട്ടക്കോണം | 252 | 1,613 | 81 |
| 3 | 1/921 എസ്.ഡി.എ. സ്കൂൾ, വെട്ടിക്കവല | 31 | 249 | 13 |
| ആകെ | | | 24,635 | 1,179 |

ടി സ്കൂളുകളുടെ മുൻ വർഷങ്ങളിലെ വസ്തുനികുതിയും ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദീകരണം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്കൂളുകൾക്ക് സർക്കാർ

അംഗീകാരം ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടത്തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം ഒരു പഞ്ചായത്തിന് കിട്ടാനുള്ള നികുതിക്കോ മറ്റ് തുകകൾക്കോ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷൻ നടപടിയോ തുടങ്ങാമായിരുന്ന തീയതി മുതൽ മൂന്നുവർഷത്തിനു ശേഷം ആ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്, കൂടാതെ സെക്ഷൻ 243 (3)ൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം ഏതെങ്കിലും നികുതിയോ തുകയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. മുൻ വർഷങ്ങളിലെ നികുതി ഈടാക്കി മുതൽക്കൂട്ടാത്തപക്ഷം യഥാകാലങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതാണ്. തൻവർഷം വസ്തുനികുതിയിനത്തിൽ നഷ്ടമായ 24,635/- രൂപയും ലൈബ്രറി സെസ് ഇനത്തിൽ നഷ്ടമായ 1,179/- രൂപയും പലിശ സഹിതം കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചത്പ്രകാരം പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും നാളിതുവരെ നികുതി അസ്സസ്സ് ചെയ്ത് ഈടാക്കാത്തതും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. മേൽ സ്കൂളുകളിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വിശദമായ റിപ്പോർട്ട് എൽ.എസ്.ജി.ഡി. വിഭാഗത്തിൽ നിന്ന് ലഭ്യമാക്കി നികുതി നിർണയിച്ച് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതും സമാനമായ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിച്ച് വിവരംഅറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.-07/03.10.19, 18/05.10.2019

## 1-13 യൂനസ് കോളേജ് ഓഫ്എഞ്ചിനിയറിംഗ് -വസ്തുനികുതി ഒടുക്കുന്നില്ല.

യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഒടുക്കുന്നില്ല. ടി കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻ ക്വയറിയ്ക്ക് മറുപടിയായി 7/539, 540, 541, 542, 543, 544, 545 നമ്പർ കെട്ടിടങ്ങളുടെ ഫോം6 മാത്രമാണ് ഹാജരാക്കിയത്. ഫോം6ൽ ഇവയെല്ലാം സെല്ലാർ ഏരിയ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | | തറ വിസ്തൃതി (ച.മീ.) | വാർഷിക വസ്തുനികുതി (രൂപ) | ലൈബ്രറി സെസ് (രൂപ) |
|---|---|---|---|---|
| യൂനസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് | 7/545 | 60 | 384 | 20 |
| | 7/544 | 60 | 384 | 20 |
| | 7/543 | 60 | 384 | 20 |
| | 7/542 | 60 | 336 | 17 |
| | 7/541 | 60 | 432 | 22 |
| | 7/540 | 60 | 432 | 22 |
| | 7/539 | 60 | 432 | 22 |
| | 7/538 | 60 | 432 | 22 |
| ആകെ(4) | | | 3,216 | 165 |

യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ വസ്തു നികുതി കുടിശ്ശിക ഒടുക്കുമായി ബന്ധപ്പെട്ട് WP(C)13092/2018 നമ്പരായി കേസ് നിലനിൽക്കുന്നുണ്ട്. വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച് സ്ഥാപനവുമായി കേസ് നിലനിൽക്കുന്നുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ കൂടാതെ പഞ്ചായത്തിൽ നിന്നും നമ്പർ ലഭിക്കാത്ത 11 കെട്ടിടങ്ങൾ അസ്സസ്സ് ചെയ്യുന്നതിനായി അപേക്ഷനൽകണമെന്ന് ആവശ്യപ്പെട്ട് 22.02.2017 ലും 15.04.17 ലും സ്ഥാപനത്തിന് കത്ത് നൽകിയിട്ടും അപേക്ഷ നൽകാഞ്ഞതിനാൽ ഓവർസിയറിന്റെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ യു.എ.നമ്പർ നൽകി 2013-2014 മുതൽ 2017-2018 വരെ നികുതി നിർണയിച്ച് 24.06.17 ൽ ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നു.

ഓവർസിയറിന്റെ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 7/846 | GF- 655,<br>FF- 655 |
| 2 | 7/848 | GF- 156.16,<br>FF- 156.16,<br>SF -156.16, |
| 3 | 7/849 | GF- 655,<br>FF- 655 |
| 4 | 7/852 | GF- 212.42,<br>FF- 233.7<br>SF - 233.7 |
| 5 | 7/853 | 1254.38 |
| 6 | 7/857 | 285.36 |
| 7 | 7/858 | 420.65 |
| 8 | 7/867 | 294 |
| 9 | 7/869 | 1326.8 |
| 10 | 7/871 | 263.15 |
| 11 | 7/872 | 98.08 |

എന്നാൽ ടി കെട്ടിടങ്ങളുടെ നികുതി നിർണയ ഫയൽ, സഞ്ചയയിൽ നിന്നുള്ള ഫോറം 6 എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 12-04-12ലെ49590/ആർ.സി2 /2011 എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളെ 14-01-2011 മുതൽ പുതിയ അസസ്മെന്റായി കരുതി വസ്തുനികുതി ഈടാക്കുന്നതിനും അതിനു മുമ്പുള്ള വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. തുടർ നടപടികൾ സ്വീകരിച്ച് ടി കേസുകളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-07/03.10.2019.

## 1-14 അനധികൃത നിർമ്മാണം അസസ്സ് ചെയ്ത് നികുതി ഈടാക്കുന്നില്ല.

2018-2019 സാമ്പത്തിക വർഷം കെട്ടിട നമ്പറിനായി ലഭിച്ച അപേക്ഷകളിൽ നമ്പർ നല്കാത്ത അപേക്ഷകളുടെ എണ്ണവും ആയതിന്റെ ഫയലുകളും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി നമ്പർ അനുവദിക്കാത്ത അപേക്ഷ ഒരെണ്ണം എന്നും ആയതിന്റെ ഫയൽ അപേക്ഷകന് തിരികെ നൽകിയതിനാൽ പഞ്ചായത്തിൽ ലഭ്യമല്ലെന്നും ആയതിനാലാണ് ഓഡിറ്റിന് ഹാജരാക്കാത്തതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ട ഫയൽ അപേക്ഷകന് നൽകിയതിനാൽ പഞ്ചായത്തിൽ ലഭ്യമല്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വിവിധ കാരണങ്ങളാൽ നമ്പർ നൽകാൻ കഴിയാത്ത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പർ നൽകുകയോ അല്ലാത്ത പക്ഷം നടപടികൾ സ്വീകരിക്കാൻ കഴിയാത്തവയായി രേഖപ്പെടുത്തി കൃത്യമായ കണക്ക് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ നമ്പർ നൽകാത്ത അപേക്ഷ ഒരെണ്ണം മാത്രമാണെന്നുള്ളത് ബോധ്യപ്പെടുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 2018-2019 സാമ്പത്തിക വർഷം നമ്പർ അനുവദിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച കൃത്യതയും, അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം നമ്പർ നൽകാത്ത കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നം, തീയതി | 5798/18, 13.09.18 |
| അപേക്ഷകന്റെ വിലാസം | ശ്രീ.ബിന്ദുരാജൻ, കുഞ്ഞുമോൻ നിവാസ്, പനവേലി |
| കെട്ടിടത്തിന്റെ തരം | വാണിജ്യം |
| കെട്ടിടത്തിന്റെ വിസ്തൃതി | 280 ച.മീ. |
| നമ്പർ അനുവദിക്കാത്തതിന്റെ കാരണം | വയൽ നികത്തൽ |

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 235 എ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃതനിർമ്മാണത്തിന്റെ വർഷം ഏതെന്നും ചേർത്ത് കെട്ടിടനമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിടനമ്പർ നൽകുന്നത് 235എഎ വകുപ്പുപ്രകാരം വസ്തുനികുതി നിർണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. 2018-2019 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട മേൽ സൂചിപ്പിച്ച കെട്ടിടത്തിന് 'യു.എ.' നമ്പർ നൽകി ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല.

2018-2019 സാമ്പത്തിക വർഷം കെട്ടിടനമ്പർ അനുവദിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച കൃത്യത ഉറപ്പാക്കുന്ന രേഖകളും മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ ഫയലും അനധികൃത നിർമ്മാണത്തിന്റെ നികുതി നിർണയിച്ച് ഈടാക്കി ആയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -15/04.10.19

## 1-15 തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുപ്രദേശത്തെ ഗാർഹികേതര കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റേയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥരോട് ആവശ്യപ്പെടുകയോ ഓഫീസ് ഉത്തരവുപ്രകാരം വിവരശേഖരണത്തിനായി സ്റ്റാഫിനെ നിയോഗിക്കുകയോ വർഷത്തിൽ ഒരു നിശ്ചിതസമയത്ത് മേൽ വിവരം നോട്ടീസ് നൽകി സ്വീകരിക്കുന്നതിന് ചുമതലയുള്ള സ്ഥിരം സംവിധാനമോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഈടാക്കുന്നതിന്റെ കൃത്യത വ്യക്തമല്ല. കളക്ഷൻതന്നെ ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (ബി ) പ്രകാരം പഞ്ചായത്തുപ്രദേശത്തെ ഗാർഹികേതരകെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി) യിൽ പറയുന്ന നോട്ടീസ്നൽകി വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

1) സർവീസ് കോപ്പറേറ്റീവ് ബാങ്ക്-ചക്കുവരയ്ക്കൽ, ഫെഡറൽ ബാങ്ക്-കോക്കാട്, സെന്റ്മേരീസ് കാഷ്യൂഫാക്ടറി-ചിരട്ടക്കോണം എന്നീ സ്ഥാപനങ്ങളിലെ 2018-2019 രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്നാണ് ഡിമാൻ്റ് ചെയ്ത് ഒടുക്കുവരുത്തിയത്. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-2019 രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.എസ്.എൻ.എൽ, കോക്കാട് |
| 2 | എസ്.ഡി.എ.സ്കൂൾ,കരിക്കം |
| 3 | കരിക്കം ഇന്റർനാഷ്ണൽ പബ്ളിക് സ്കൂൾ, കരിക്കം |
| 4 | ട്രാവൻകൂർ ദേവസ്വം ബോർഡ് സെൻട്രൽ സ്കൂൾ, വെട്ടിക്കവല |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ,പനവേലി |

2.ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്ന് 2018-2019 രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അലൈഡ് ക്യാഷ്യൂ എക്സ്പോർട്ട്സ്,കരിക്കം | 125 |
| 2 | സെന്റ്.തോമസ് ക്യാഷ്യൂ ഇൻഡസ്ട്രീസ്, ചിരട്ടക്കോണം | 5 |
| 3 | സെന്റ്.ഗ്രിഗോറിയസ് ക്യാഷ്യൂ ഇൻഡസ്ട്രീസ്, ചക്കുവരയ്ക്കൽ | 250 |
| 4 | കിടങ്ങല്ലൂർ ക്യാഷ്യൂ എക്സ്പോർട്ട്സ്, പച്ചൂർ | 30 |
| 5 | തെക്കടത്ത് ഇൻഡസ്ട്രീസ്, ചിരട്ടക്കോണം | 11 |
| 6 | കാട്ടുഴികം ഫ്യൂവൽസ്, പനവേലി | 6 |
| 7 | മഞ്ജു ഓട്ടോമൊബൈൽസ്, കരിക്കം | 8 |
| 8 | സ്മാർട്ട് മാർട്ട് സൂപ്പർമാർക്കറ്റ് , കരിക്കം | 2 |
| | | |

| | | |
|---|---|---|
| 9 | ഫാമിലി സൂപ്പർമാർക്കറ്റ്, സദാനന്ദപുരം | ലഭ്യമല്ല. |
| 10 | വെൽക്കം സൂപ്പർമാർക്കറ്റ്,കരിക്കം | ലഭ്യമല്ല. |
| 11 | സൂപ്പർമാർക്കറ്റ്(3/183,184), വെട്ടിക്കവല | ലഭ്യമല്ല. |

3)ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽനിന്ന് തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

4)ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആയത് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി -01/26.09.19

## 1-16 ലേലം-അപാകതകൾ

1)ലേല നിബന്ധനകൾ പാലിക്കുന്നില്ല.

2019-2020 സാമ്പത്തിക വർഷത്തേക്ക് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്വന്തമായി സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനായി 14/03/19 ൽ നടന്ന ലേലത്തിൽ ചുവടെ പറയുന്ന വ്യക്തികളുടെ ലേലം 23/03/19 ലെ V(I)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാട്ടിറച്ചി വ്യാപാരം നടത്തുന്ന വാർഡ് | ലേലംകൊണ്ട വ്യക്തിയുടെ മേൽവിലാസം | തുക |
|---|---|---|---|
| 1 | പനവേലി | ശ്രീ.സൈനുലബ്ദീൻ, മുംതാസ് മൻസിൽ, തലച്ചിറ | 1,05,000/- |
| 2 | ചിരട്ടക്കോണം | ശ്രീ.സൈനുലബ്ദീൻ, മുംതാസ് മൻസിൽ, തലച്ചിറ | 4,54,000/- |
| 3 | കരിക്കം | ശ്രീ.റഹിം, റസീന മൻസിൽ, കുന്നിക്കോട് | 1,11,700/- |
| 4 | തലച്ചിറ | ശ്രീ.അയ്യൂബ്, പുല്ലാണിയോട് | 47,000/- |
| 5 | ചക്കുവരയ്ക്കൽ | ശ്രീ.അബ്ദുൾ റഷീദ്, കൊല്ലവിളവീട്, തലച്ചിറ | 39,000/- |

| | | | |
|---|---|---|---|
| 6 | കോട്ടവട്ടം | ശ്രീ.അബ്ദുൾ സലാം, നജിം മൻസിൽ , കുന്നിക്കോട് | 1,65,000/- |
| 7 | കമുകിൻകോട് | ശ്രീ.സൈനലബ്ദീൻ, മുംതാസ് മൻസിൽ, തലച്ചിറ | 53,000/- |
| 8 | ഉളിയനാട് ഈസ്റ്റ് | ശ്രീ.സുധീർ, അൽത്താഫ് മൻസിൽ, കുന്നിക്കോട് | 1,95,000/- |

നിശ്ചിത തുക ഇ.എം.ഡി.ആയി ഒടുക്കേണ്ടതാണെന്നും ലേലം കൊള്ളുന്നവർ ലേലം കഴിഞ്ഞാൽ ഉടൻ തന്നെ തുക ഒന്നായി ഒടുക്കേണ്ടതാണെന്നും ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് 200/- രൂപ മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ സെക്രട്ടറി നിർദ്ദേശിക്കുന്ന വിധത്തിൽ കരാറെഴുതി പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്നവരുടെ ലേലാവകാശം റദ്ദാക്കുന്നതും ഡെപ്പോസിറ്റ് തുക, ലേല തുക എന്നിവ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി പുനർലേലം നടത്തുന്നതാണെന്നും പുനർലേലം നടത്തുന്നതുൾപ്പെടെയുള്ള ചെലവുകൾ ലേലം കൊണ്ട വ്യക്തിയിൽ നിന്ന് ഈടാക്കുന്നതുമാണെന്ന് ലേല നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാട്ടിറച്ചി വ്യാപാരം ലേലം കൊണ്ട മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് ഇ.എം.ഡി./ഡെപ്പോസിറ്റ് തുകയും , എഗ്രിമെന്റ്, ബാങ്ക് ഗ്യാരന്റി/സോൾവൻസി എന്നീ രേഖകളും വാങ്ങി സൂക്ഷിച്ചിട്ടില്ല. കോട്ടവട്ടം മാർക്കറ്റിൽ 1,65,000/-രൂപയ്ക്ക് മാട്ടിറച്ചി വ്യാപാരം ലേലം കൊണ്ട ശ്രീ.അബ്ദുൾ സലാം,നജിം മൻസിൽ, കുന്നിക്കോട് എന്ന വ്യക്തി 14,700/- രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.ടിയാളുമായി കരാർ വെയ്ക്കുകയോ, ബാങ്ക് ഗ്യാരന്റി/സോൾവൻസി വാങ്ങി സൂക്ഷിക്കുകയോ, ഇ.എം.ഡി./ഡെപ്പോസിറ്റ് വാങ്ങുകയോ ചെയ്തിട്ടില്ല. തുക ഈടാക്കുന്നതിന് നാളിതുവരെ യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും 14,700/- രൂപ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതും ലേലം കൊണ്ട വ്യക്തികളുമായുള്ള കരാറും സോൾവൻസിയും ആദ്യമറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**2)മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ്- നടപടി സ്വീകരിക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിലെ പനവേലി, കോക്കാട് എന്നീ പബ്ലിക് മാർക്കറ്റുകളുടെ 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള മാർക്കറ്റ് ഗേറ്റ്ഫീസ് പിരിക്കുന്നതിനായി 14/03/19 ൽ ലേലം നിശ്ചയിച്ചെങ്കിലും ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ ലേലം നടന്നില്ല. ഗേറ്റ് ഫീസ് പിരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്വട്ടേഷൻ സ്വീകരിച്ച് ഗേറ്റ് ഫീസ് പിരിക്കാൻ നടപടി സ്വീകരിച്ചു എന്ന മറുപടി ലഭ്യമാക്കി. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി മാർക്കറ്റുകളുടെ ഗേറ്റ് ഫീസ് പിരിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും ഗേറ്റ് ഫീസ് ഇനത്തിൽ തനത് വരുമാനം വർദ്ധിപ്പിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**3) ലേല രജിസ്റ്റർ -അബസ്ട്രാക്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.**

ലേല രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷവും നടക്കുന്ന എല്ലാ ലേലങ്ങളുടെയും വരവു തുകകൾ, ഓരോ ഇനത്തിലും ലഭ്യമായ ജി.എസ്.ടി.തുക, ഈടാക്കാൻ അവശേഷിക്കുന്ന തുക ഓരോ ഇനത്തിലും ലഭ്യമായ ഇ.എം.ഡി.തുക, അഡ്വാൻസായി ലഭിച്ച തുകകൾ എന്നീ വിവരങ്ങൾ പോസ്റ്റിംഗ് വരുത്തി അബസ്ട്രാക്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. തൻവർഷം ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം ഇനത്തിൽ

വാർഷിക ധനകാര്യ പത്രിക പ്രകാരം 500/- രൂപ വരവുണ്ട്. എന്നാൽ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ആയതിന്റെ ലേല ഡയറിയോ അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 15/04.10.19

## 1-17 ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.

തദ്ദേശസ്വയംഭരണ(ആർ.ഡി.)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/15/ത.സ്വ.ഭ.വ.കത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് നിർമ്മിതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റ് എടുക്കാതെ പൂർണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ ക്രമവത്കരിച്ച കെട്ടിടങ്ങളിൽ നിന്ന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സങ്കേതം സോഫ്റ്റ് വെയറിൽ രണ്ടിരട്ടി ഫീസ് ആണ് ക്രമവത്കരണ ഫീസായി ലഭ്യമാകുന്നതെന്നും ആയത് പ്രകാരമാണ് ഈടാക്കുന്നത് എന്നും മറുപടി ലഭ്യമാക്കി. 2018-19 സാമ്പത്തിക വർഷം പെർമിറ്റ് എടുക്കാതെ ക്രമവത്കരിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -7/04.10.19

## 1-18 ഡി &ഒ ലൈസൻസ് – കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

2018-19 സാമ്പത്തികവർഷം പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് പുതുക്കാൻ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ മാത്രമാണ് നിലവിൽ സൂക്ഷിക്കുന്നത് .1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്തിൽ ആകെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിന്റ്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള കണക്കു സൂക്ഷിച്ചിട്ടില്ല. റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും

തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി -8/4.10.19

## 1-19 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഉപയോഗ രഹിതമായി നിലകൊള്ളുന്നു.

ഗ്രാമപഞ്ചായത്തിലെ ചിരട്ടക്കോണം, കോക്കാട് എന്നീ വാർഡുകളിലായി മൂന്ന് ഓപ്പൺ എയർ ഓഡിറ്റോറിയങ്ങൾ നിലകൊള്ളുന്നുണ്ട്. ഇതിൽ രണ്ട് ഓഡിറ്റോറിയങ്ങളുടെ വൈദ്യുതി ചാർജ് ഒടുക്കു വരുത്തുന്നുണ്ടെങ്കിലും ടി ഓഡിറ്റോറിയങ്ങളിൽ നിന്നും യാതൊരു വരവും ലഭ്യമാകുന്നില്ല. കോക്കാട് മാർക്കറ്റിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഉപയോഗ രഹിതമായി നിലകൊള്ളുന്നു. പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കുള്ള പലകെട്ടിടങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെയാണ് ഇപ്രകാരം കെട്ടിടങ്ങൾ ഉപയോഗരഹിതമായി കിടക്കുന്നത്. ഇതുപോലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്നും ഉറപ്പാക്കാൻ ഓഡിറ്റിന് സാധ്യമായില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് വിശദമായ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കോക്കാട് മാർക്കറ്റ് കെട്ടിടം ഉപയോഗപ്രദമാക്കി മാറ്റുകയോ വാടകയ്ക്ക് നൽകുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. ഓപ്പൺ എയർ ഓഡിറ്റോറിയങ്ങൾ യുവജനങ്ങൾ കായിക പരിശീലനത്തിന് ഉപയോഗിക്കുന്നു എന്ന് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. നിശ്ചിത തുക ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-05/30.09.2019

## 1-20 കെട്ടിട നിർമ്മാണ പെർമിറ്റ് -കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

2018-19 സാമ്പത്തിക വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റിനു വേണ്ടി 575 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ്ഫീസ് ഈടാക്കിയത്, റഗുലറൈസേഷൻ ഫീസ് ഈടാക്കിയത് എന്നീ വിവരങ്ങൾ കൃത്യതയോടെ പോസ്റ്റിംഗ് വരുത്തിയിട്ടില്ല. പെർമിറ്റ് ഇഷ്യു ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്താതെ അപൂർണമായ രജിസ്റ്ററാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. നിരവധി അപേക്ഷകളുടെ വിവരങ്ങൾ റിജക്ടഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിരസിച്ചതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് നൽകാതെ നിരസിച്ച അപേക്ഷകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് നിരസിച്ച അപേക്ഷകൾ ഇല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.എന്നാൽ രജിസ്റ്ററിൽ നിരവധി അപേക്ഷകൾ നിരസിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്രകാരം മറുപടി ലഭ്യമാക്കിയത് ചൂണ്ടിക്കാട്ടി എൻക്വയറി നൽകിയപ്പോൾ 25 അപേക്ഷകൾ അപാകതകൾ കാരണം നിരസിച്ചതായി മറുപടി ലഭ്യമാക്കി. ആയതിന്റെ ഫയലുകൾ ആവശ്യപ്പെട്ടപ്പോൾ 12 അപേക്ഷകളാണ് അപാകത കാരണം നിരസിച്ചതെന്നും രജിസ്റ്ററിൽ പോസ്റ്റിംഗ് വരുത്താൻ വിട്ടുപോയതാണെന്നും ആയതിനാൽ 12 ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെയും നിരസിച്ച അപേക്ഷകളുടെയും കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

12 അപേക്ഷകൾക്ക് മാത്രമാണ് പെർമിറ്റ് നൽകാതിരുന്നത് എന്നതിനെ സാധൂകരിക്കുന്ന രേഖകളും വിവരങ്ങൾ പൂർത്തിയാക്കിയ പെർമിറ്റ് രജിസ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-04/28.09.2019

## 1-21(a) ആദ്യ ഗഡു കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

വി.ഇ.ഒ നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതി പ്രകാരം ആദ്യ ഗഡുവായി 40000/-രൂപ വീതം കൈപ്പറ്റിയ 16 പേർ നിർമ്മാണത്തിന്റെ അനന്തര ഘട്ടങ്ങൾ പൂർത്തിയാക്കി തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പൊതുവിഭാഗം | |
|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ബിൽ നം/ തീയതി |
| 1 | ബിന്ദുരാജ്,ബിന്ദു ഭവൻ,പനവേലി,XVIII | 14/10.08.2018 |
| 2 | ബാബു ലൂക്കോസ്,ഗ്രേസ് ഭവൻ,പനവേലി,XVIII | ; |
| 3 | സുഭാഷ് കുമാർ,സുഭാഷ് ഭവൻ,പച്ചൂർ,V | ; |
| 4 | സൂസമ്മ സക്കറിയ,ലൈജി ഭവൻ,ഇരണൂർ,XX | ; |
| 5 | ചെല്ലമ്മ,നിരപ്പിൽ തെക്കേ പുത്തൻ വീട്,ചക്കുവള്ളി,IX | ; |
| 6 | സന്തോഷ്,ലക്ഷ്മി വിലാസം,ഇരണൂർ,XX | ; |
| 7 | വിമലാദേവി,ആശാഭവൻ,ഇരണൂർ,XX | ; |
| 8 | മഞ്ജുമോൾ,മനുഭവൻ,കോക്കാട്,XIV | ; |
| 9 | സുലോചന.കെ,സജീന മൻസിൽ,കോക്കാട്(N),XIII | ; |
| 10 | സരസ്വതിചരുവിള പുത്തൻ വീട്,മടത്തിയറ,XIX | ; |
| | എസ്.സി വിഭാഗം | |
| 11 | രമണി തുളസീധരൻ,ഗോപുരത്ത് വീട്,കോട്ടവട്ടം,XII | 13/22.10.2018 |
| 12 | റെജി,രഞ്ജിത്ത് ഭവൻ,കോട്ടവട്ടം, | ; |
| 13 | പഞ്ചമി,പാലനിരപ്പിൽ വീട്,പച്ചൂർ,V | ; |
| 14 | സുലോചന,നിപ്പാംകോണത്ത് പാറവിള വീട്,VI | 18/23.11.18 |
| 15 | ശ്യാമള,സുരേഷ് ഭവൻ,ചിരട്ടക്കോണം,VI | ; |
| 16 | ഷിബു,ഷിബു ഭവൻ,കോക്കാട്,XIII | 26/14.02.19 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ആദ്യ ഗഡു കൈപ്പറ്റി മാസങ്ങൾക്കു ശേഷവും ഭവന നിർമ്മാണത്തിന്റെ അനന്തരഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 6,40,000/- രൂപ (40000x16) തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച

ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
എൻക്വയറി നം-16 തീയതി 04.10.19.

## 1-21 ലൈഫ് ഭവന പദ്ധതി -അവലോകനം

സ്വന്തമായി ഭൂമിയുള്ള പട്ടിക ജാതിക്കാർക്കും പൊതു വിഭാഗത്തിനും വേണ്ടി 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പൊതുവിഭാഗം(പ്രോജക്ട് നം-41/19 ) | | പട്ടിക ജാതി(പ്രോജക്ട് നം-96/19 ) | |
|---|---|---|---|---|
| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് | വകയിരുത്തിയ തുക | ചെലവ് |
| വികസന ഫണ്ട്(ജനറൽ) | 4337700/- | 4337700/- | 2400000/- (എസ്.സി.പി) | 2400000/- |
| ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 78490568 | 15287020 | 30762522 | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2669432 | 2127700/- | 2579984/- | 2560000/- |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 1240000/- | 1222300/- | 2550000/- | 2240000/- |
| തനത് ഫണ്ട് | 62300/- | 62300/- | 1707494/- | 1620000/- |
| ആകെ | 86800000/- | 23037020/- | 4000000/- | 8820000/- |

പൊതുവിഭാഗത്തിൽ 287 പേരും പട്ടികജാതി വിഭാഗത്തിൽ 44 പേരുമുൾപ്പെടെ 331 പേരാണ് ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നത്. ജനറൽ വിഭാഗത്തിൽ പെട്ട 130പേർ കരാർ വച്ച് പണി ആരംഭിച്ചെങ്കിലും ആരും തന്നെ 2018-19ൽ പണി പൂർത്തീകരിച്ചിട്ടില്ല. പട്ടിക ജാതിക്കാരായ 42പേർ കരാർ വച്ചുവെങ്കിലും ആർക്കും തൻവർഷം പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്രകാരം ഇരുവിഭാഗങ്ങളിലുമായി തൻവർഷം കരാർ വച്ച 172 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല,ആദ്യ ഗഡു - 3,75,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-ഭവന പുനരുദ്ധാരണം(എസ്.സി)

പ്രോജക്ട്നം-94/19

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-44,10,110/- രൂപ

തനത് ഫണ്ട്-49,890/- രൂപ

ചെലവ്-2,3,75,000/- രൂപ
ബിൽ നം-3/01.11.18 – 425000/-രൂപ
ബിൽ നം-6/27.11.18 – 150000/-രൂപ

ബിൽ നം-7/18.12.18 – 625000/-രൂപ
ബിൽ നം-12/17.01.19 – 225000/-രൂപ
ബിൽ നം-13/05.02.19 – 325000/-രൂപ
ബിൽ നം-15/25.02.19 – 50000/-രൂപ
ബിൽ നം-16/25.02.19 – 300000/-രൂപ
ബിൽ നം-21/25.03.19 – 475000/- രൂപ
24/28.03.19 – 550000

നിർവഹണം-വി.ഇ.ഒ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ എട്ടു വർഷത്തിലധികം പഴക്കമുള്ള വാസയോഗ്യമായ വീടുകളുള്ള 82 പേർക്ക് അറ്റകുറ്റപ്പണികൾക്ക വേണ്ടി 50000/-രൂപ വീതം അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്.2018-19ൽ 55പേർ കരാർ വച്ച് പ്രവൃത്തികൾ ആരംഭിക്കുകയും 40 പേർ പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റുകയും ചെയ്തു. ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നം / തീയതി |
|---|---|---|---|
| 1 | ലീല,ലിജി ഭവൻ,ചിരട്ടക്കോണം | 25000/- | 21/25.03.19 |
| 2 | സുധ,ചരുവിള വീട്,കോട്ടവട്ടം നോർത്ത് | 25000/- | 21/25.03.19 |
| 3 | ഓമന,പതിക്കോട്ട് ചരുവിള വീട്,ഉളിയനാട് ഈസ്റ്റ് | 25000/- | 21/25.03.19 |
| 4 | സരസമ്മ,ലക്ഷം വീട്,പച്ചൂർ | 25000/- | 21/25.03.19 |
| 5 | സുധർമ്മ,ചരുവിള വീട്,കോട്ടവട്ടം നോർത്ത് | 25000/- | 21/25.03.19 |
| 6 | ഗോമതി,പൗർണ്ണമി,കോട്ടവട്ടം നോർത്ത് | 25000/- | 21/25.03.19 |
| 7 | ഉഷ,തുഷാര മന്ദിരം,ഗാന്ധിഗ്രാം | 25000/- | 21/25.03.19 |
| 8 | സരോജിനി, ചരുവിള വീട്, ഇരണൂർ | 25000/- | 21/25.03.19 |
| 9 | അംബിക, ചരുവിള പുത്തൻ വീട്, കമുകിൻകോട് | 25000/- | 24/28.03.19 |
| 10 | പത്മാവതി,വേലംകോണത്ത് ചരുവിള വീട്, തലച്ചിറ ഈസ്റ്റ് | 25000/- | 24/28.03.19 |
| 11 | സുജാത, കൃഷ്ണാലയം, കോട്ടവട്ടം നോർത്ത് | 25000/- | 24/28.03.19 |
| 12 | മണിയൻ, കൊടിയിൽവീട്, സദാനന്ദപുരം | 25000/- | 24/28.03.19 |
| 13 | ഓമന.പി, നിഷാഭവൻ, വെട്ടിക്കവല | 25000/- | 24/28.03.19 |
| 14 | പ്രസന്ന, രൂപാലയം, കോക്കാട് നോർത്ത്, | 25000/- | 24/28.03.19 |
| 15 | രമേശൻ, വലിയ പുര വീട്, വെട്ടിക്കവല | 25000/- | 24/28.03.19 |

| | ആകെ | 375000/- | |
|---|---|---|---|

3/2019- ൽ ആദ്യഗഡുക്കൾ കൈപ്പറ്റിയവർ 10/2019-ലെ ഓഡിറ്റ് വേളയിലും പണി പൂർത്തീകരിച്ചിട്ടില്ല. മേൽ ചേർത്ത ഗുണഭോക്താക്കൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതു വരെ ഇവർക്ക് ആദ്യ ഗഡുവായി അനുവദിച്ച 3,75,000/-രൂപ തടസ്സപ്പെടുത്തുന്നു. പണികൾ പൂർത്തിയാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു നൽകിയ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-16/04.10.2019

തടസ്സപ്പെടുത്തിയ തുക-3,75,000/-

## 1-23 ലൈഫ് ഭവന പദ്ധതി-തറ വിസ്തീർണ്ണം അധികരിച്ചവർക്ക് ധന സഹായം നൽകുന്നില്ല

ലൈഫ് ഭവന പദ്ധതിയിൽ നിഷ്കർഷിച്ചിരുന്ന 420 ച.അടി എന്ന പരമാവധി തറ വിസ്തീർണ്ണ പരിധി ലംഘിച്ച കാരണത്താൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് തറ വിസ്തീർണ്ണം കുറയ്ക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് 12.07.2019ൽ വി.ഇ.ഒ കത്തു നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നം/ തീയതി | നിലവിലുള്ള തറവിസ്തീർണ്ണം |
|---|---|---|---|
| ബാബു ലൂക്കോസ്,ഗ്രേസ് ഭവൻ,പനവേലി,XVIII | 40000/- രൂപ | 8/10.08.18 | 900ച.അടി |
| മഞ്ജുമോൾ,മനുഭവൻ,കോക്കാട്,XIV | 40000/-രൂപ | 23/27.11.18 | 660ച.അടി |

600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അവസാന ഗഡു ധനസഹായം നൽകേണ്ടതില്ലെന്നും, ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അർഹത പുനപരിശോധിക്കേണ്ടതും അനർഹരെന്നു കണ്ടെത്തിയാൽ മുഴുവൻ തുകയും ഈടാക്കുകയോ അല്ലെങ്കിൽ വായ്പ്പതുക ഗുണഭോക്താവു തന്നെ തിരിച്ചടയ്ക്കുകയോ ചെയ്യണമെന്ന 16.07.19ലെ 235/DB.1/19/ത.സ്വ.ഭ.വ നം സർക്കുലർ 05.08.19ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിൽ പുനപരിശോധിക്കുകയും, ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവർക്കും ഭവനനിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാവുന്നതാണെന്നും എന്നാൽ അത്തരം വീടുകൾക്ക് അവർ ഭവനനിർമ്മാണം പൂർണ്ണമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രം അവസാന ഗഡു നൽകേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് 06.09.2019ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (312/DB.1/2019 LSGD). ടി സാഹചര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വിവിധ പദ്ധതികൾക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

തലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതികളിൽ, വകയിരുത്തിയ മുഴുവൻ തുകകളും കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്(അക്കൗണ്ട് നം-3624001800000019) 2018-19 ൽ കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്/ പ്രോജക്റ്റ് നം | പ്രൊഫോർമാ ഇൻവോയ്സ് നം/തീയതി | ചെലവ്/ ഫണ്ടിനം | ബിൽ/ചെക്ക്നം /തീയതി | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സാന്ത്വന പരിചരണ പരിപാടി-77/19 | 2179/12.11.18 | 2692800/- വികസന ഫണ്ട്(പൊതു വിഭാഗം) | 8/07.11.2018 | 22361/- |
| 2 | സാന്ത്വന പരിചരണ പരിപാടി-77/19 | 2182/07.11.2018 | 100000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 7246786/08.12.18 | 9147 (ഉപകരണങ്ങൾ) |
| 3 | പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ-73/19 | | 150000/- തനത് ഫണ്ട് | 7246785/07.12.18 | 57083 |

മരുന്നുകളും, ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-25 രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

വൗച്ചറിനൊപ്പം അനുബന്ധരേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക-35,396/-രൂപ-തടസ്സപ്പെടുത്തുന്നു.

| ക്രമ നം | വൗച്ചർ നം & തീയതി | തുക(രൂ) & ചെക്ക് നം. | വിവരണം |
|---|---|---|---|
| 1. | 21800051/17.4.18 | 10,000/- ; 658329/3.5.18 | വെട്ടിക്കവല മഹാക്ഷേത്രങ്ങളിലെ നവരാത്രി ഉത്സവത്തോടനുബന്ധിച്ച് ജംഗ്ഷനിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി അസി.എഞ്ചിനീയർക്ക് അനുവദിച്ചതുക, ചെലവിന്റെ രേഖകൾ ലഭ്യമാക്കിയില്ല |
| 2. | 218000124/3.5.18 | 10,000/- , 658344/3.5.18 | കണ്ണംകോട്- തോട്ടുമുക്ക് റോഡ്-തിരിയോട്റോഡ് ക്വാറി വേസ്റ്റ് ഉപയോഗിച്ച് ഗതാഗതമാക്കിയ വകയിൽ |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർക്ക് അനുവദിച്ച തുക.ചെലവിന്റെ രേഖകൾ, എം ബുക്ക് എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 3. | 218000775/26.11.18 | 10,000/-, 7246791/26.11.2018 | കോക്കാട് വാർഡ്- കുരിശ്ശടി മുക്കമല റോഡ് ക്വാറി വേസ്റ്റ് ഉപയോഗിച്ച് മെയിൻറനൻസ് നടത്തിയത്. അസി.എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ല, റോഡിൻെറ നീളം , വീതി എന്നിവ കണക്കാക്കിയ എസ്റ്റിമേറ്റ് ഇല്ല. |
| 4 | 218000231/10.7.18 | 2500/- , 64486/3.7.18 | പനവേലി ജി.ഡബ്ല്യ.എൽ.പി.എസ് ഹെഡ്മിസ്ട്രസ്സ് നൽകിയ റിക്വിസിഷൻ പ്രകാരം നൽകിയ തുക. 2018-19 വർഷത്തെ അദ്ധ്യയന വർഷം ജ്ലൂൺ 1 ന് ആരംഭിക്കുന്നതിനു മുൻപ് സ്കൂൾ പരിസരവും കിണറും വൃത്തിയാക്കിയതിന് 5 പേർക്ക് 460/-രൂപയും 2 പേർക്ക് 360/-രൂപയും വീതം ആകെ 2560/-രൂപ (rounded to 2500/-) . എന്നാൽ മസ്റ്റർ റോളിൽ വർഷം 2017 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് മാസം , തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 218000312/10.7.18 | 2896/-, 7246871/10.7.2018 | ചിരട്ടക്കോണം ജി.ഡബ്ല്യ.എൽ.പി.എസ് ഹെഡ്മിസ്ട്രസ്സ് നൽകിയ റിക്വിസിഷൻ പ്രകാരം നൽകിയ തുക. മസ്റ്റർ റോളിൽ 8 പേർ 362/- രൂപാ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | | | മസ്റ്റർ റോളിൽ വർഷം,മാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക- 35,396/-രൂപ

ഓഡിറ്റ് എൻക്വയറി നം. 3/28.9.2019.

## 1-26 വൃക്ഷത്തൈകൾ നട്ടതിനു രേഖകളില്ല, തൈകളുടെ തുടർ പരിപാലനം നടപ്പായിട്ടുമില്ല

പരിസ്ഥിതി ദിനത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ വൃക്ഷത്തൈകൾ നട്ടതിനു വാഹന ചാർജായി വൗച്ചർ നം. 21800253/18.6.18 പ്രകാരം 4,900/-രൂപ (ചെക്ക് നം. 64468/18.6.2018) നൽകിയിട്ടുണ്ട്. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുന്നതിനായിപുറപ്പെടുവിച്ച സർക്കുലർ നം.പി.എസ്.2/288/2018/ത.സ്വ.ഭ.വ 29.5.2018 പ്രകാരം ചുവടെ പരാമർശിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

1. വൃക്ഷത്തൈകൾ വനംവകുപ്പിൽ നിന്നും ശേഖരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് എവിടെ നിന്നും വൃക്ഷത്തൈകൾ ശേഖരിച്ചുവെന്ന് വ്യക്തമല്ല.

2. ഓരോ പ്രദേശത്തിനും അനുയോജ്യമായ വൃക്ഷത്തൈകൾ ഗ്രാമപഞ്ചായത്തിൻെറ അധീനതയിലുള്ള പറമ്പുകൾ ,ഒഴിഞ്ഞ ഇടങ്ങൾ , റോഡരികുകൾ തുടങ്ങി തണ്ണീർത്തടങ്ങൾ അല്ലാത്ത ഇടങ്ങൾ വൃക്ഷത്തൈകൾ നടുന്നതിനായി കണ്ടെത്തി അമിതമായ ജലചൂഷണം നടത്തുന്ന മരങ്ങൾ ഒഴിവാക്കി തൈകൾ തെരഞ്ഞെടുക്കണം എന്ന നിർദ്ദേശം സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയില്ല.

3. തൊഴിലുറപ്പ് തൊഴിലാളികളേയും ഉപകരണങ്ങളേയും പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. 2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുക എന്ന പദ്ധതിയുണ്ടായിരുന്നെങ്കിലും എവിടെയൊക്കെ ഏതൊക്കെ വൃക്ഷത്തൈകൾ നട്ടുവെന്ന് വ്യക്തമല്ല.

4. നട്ടു കഴിഞ്ഞ വൃക്ഷത്തൈകൾക്ക് ഒരു വർഷത്തെ പരിപാലനം ഉറപ്പു വരുത്തുന്നതിനും ആയതിൻെറ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും പഞ്ചായത്ത് പ്രസിഡൻറ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രയോഗികമാക്കിയിട്ടില്ല.

5. പ്രാദേശികതലത്തിൽ പ്ലാൻ തയ്യാറാക്കി തൈ വിതരണം ചുരുങ്ങിയ ചെലവിൽ നിർവ്വഹിക്കേണ്ടതാണ് എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

ഇതിൽ നിന്നും സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം വൃക്ഷത്തൈകൾ നട്ടിട്ടില്ലായെന്ന് ഓഡിറ്റ് മനസ്സിലാക്കുന്നു. കെ.എൽ.24E-1739 എന്ന വാഹനത്തിൻെറ ഉടമ ഹാജരാക്കിയിരിക്കുന്ന വേ ബില്ലിൽ ഉളിയനാട്, സദാനന്ദപുരം, പനവേലി, ഇരണൂർ, മടത്തിയറനിരത്തിൽ, കമുകിൻകോട്, കണ്ണംകോട്, വെട്ടിക്കവല എന്നിവിടങ്ങളിൽ 5/6/2018 ലും (55 കി.മി) വിളക്കുടി, ചക്കുവരക്കൽ, ഗാന്ധിഗ്രാമം, കോക്കാട് നോർത്ത് എന്നിവിടങ്ങളിൽ 4/6/2018 ലും വൃക്ഷത്തൈകൾ നട്ടതിന് ഉപോത്ബലകമായ യാതൊരു രേഖകളും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക-4900/-രൂപ

ഓഡിറ്റ് എൻക്വയറി നം.12/4.0.2019

## 1-27 കന്നുകുട്ടി പരിപാലനം--8,12,500/-രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 55 വനിതാ ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് വികസനഫണ്ടിൽ (പൊതുവിഭാഗം ) നിന്നും
താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 30/19 | 17-18-19/12.03.2019 | 2,00,000 |
| | 07-18-19/10.01.2019 | 6,12,500 |
| | ആകെ | 8,12,500/- |

ക്ഷീരകർഷകരായ ഗുണഭോക്താക്കളുടെ ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷുർ ചെയ്ത് തീറ്റ ലഭ്യമാക്കാനാണ് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. പനവേലി,കോക്കാട് എന്നീ ക്ഷീരസംഘങ്ങളെ കാലിത്തീറ്റ വിതരണം ഏൽപ്പിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 03.10.18 ലെ 1 (3) നം തീരുമാനത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയെങ്കിലും ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ,ഫണ്ടിന്റെ നാളിതുവരെയുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടിയായി ക്ഷീരസംഘങ്ങളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്. ആയതിനാൽ ഈയിനത്തിൽ നല്കിയ 8,12,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം-13/18-19;04.10.2019

തടസ്സപ്പെടുത്തിയ തുക-8,12,500/-

## 1-28 എഗ്രിമെന്റ് വച്ച കരാറുകാരൻ വർക്ക് ആരംഭിച്ചില്ല നിയമ നടപടിസ്വീകരിക്കുന്നതിൽ വീഴ്ചല വരുത്തി.

പദ്ധതി നം-എസ്. ഓ-245/19

അടങ്കൽ-7,00,000/-

കരാറുകാരൻ- ശ്രീ. സലാഹുദീൻ-

സദാനന്ദപുരം-പേരേത്ത്കോണം റോഡ്ടാറിംഗ് എന്ന പ്രവർത്തിക്ക് 7ലക്ഷം രൂപയുടെ എസ്ററിമേററ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചു. 9/3/18 -ൽ നടത്തിയ ടെണ്ടറിൽ

ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻക്ഷണിക്കുകയും എസ്ററിമേററ് റേറ്റ് ക്വാട്ട് ചെയ്ത സലാഹുദീൻ എന്ന കരാറുകാരനുമായി നമ്പർ-95/ae/lsgd/vtk/17-18, തീയതി9-3-18പ്രകാരംഎഗ്രിമെൻറിൽ ഏർപ്പെടുകയും ചെയ്തു. 2018-19 -വർഷം ടി വർക്കുമായി ബന്ധപ്പെട്ട് ചെലവു വന്നിട്ടില്ലാത്തതിനാൽ എഞ്ചിനീയറിംഗ് വിഭാഗം ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കരാറുകാരൻ യാതൊരുവിധ പ്രവർത്തിയും നടത്തിയിട്ടില്ലെന്നും ഗതാഗതസൗകര്യമില്ലാത്ത മൺ റോഡ് മാത്രമാണ് നിലവിലുള്ളതെന്നും ബോധ്യപ്പെട്ടു. നിശ്ചിതകാലാവധി കഴിഞ്ഞിട്ടും വർക്ക് ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാൻറെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ ചെയ്ത് റീടെണ്ടർ/ ക്വട്ടേഷൻ നടത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കൂടാതെ കരാറുകാരൻറ ഭാഗത്തു നിന്നുള്ള കാരണത്താൽ നിശ്ചിത സമയം കഴിഞ്ഞിട്ടും സൈററ് ഏറ്റെടുത്ത് വർക്ക് ആരംഭിക്കാതിരുന്നത് കൊണ്ട് കരാർ റദ്ദു ചെയ്യുകയാണെങ്കിൽ അതു മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാത്തത് ടി കാലയളവിലെ

നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കാണുന്നു. അധികൃതരുടെ ഭാഗത്തു നിന്നുള്ള ഇത്തരം നടപടികൾ ഗുണഭോക്താക്കളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ പ്രതികൂലമായി ബാധിക്കുകയും പദ്ധതിയിൽ വകയിരുത്തിയിരുന്ന പ്ലാൻ ഫണ്ട് തുകയായ 7,00,000/- രൂപ ലാപ്സാകാൻ ഇടയാക്കുകയും ചെയ്തു. ടി വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പഞ്ചായത്തു ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിററ് എൻക്വയറി നം-11/18-19,2-10-19

## 1-29 വെട്ടിക്കവല മാർക്കറ്റ്ജംഗ്ഷൻ-കീഴതിൽഭാഗം റോഡ് കോൺക്രീറ്റിംഗിലെ അപാകതകൾ

പദ്ധതി നം- 112/18-19

എസ്ററിമേററ്- 7,25000/- രൂപ

എം.ബുക്ക് നം – 81/18-19

കരാറുകാരൻ- ശ്രീ. പ്രസന്നകുമാർ

മാർക്കറ്റ് ജംഗ്ഷൻ-കീഴതിൽഭാഗം റോഡ് കോൺക്രീറ്റിംഗ്, കൾവർട്ട്, ഡ്രെയിൻ നിർമ്മാണം-എന്ന പ്രവർത്തിക്ക് വേണ്ടി നടത്തിയ ടെണ്ടറിൽ ഐറ്റം റേറ്റായി 679769.97/- രൂപ ക്വാട്ടുചെയ്ത കരാറുകാരന് വർക്ക് അനുവദിച്ചു നല്കി. നം 43/AE/LSGD/vtk, 24-10-18 പ്രകാരം എഗ്രിമെൻറ് വച്ച് പ്രവർത്തി ആരംഭിക്കുകയും ആകെ 6,40,264/-രൂപ മൂല്യത്തിൽ പ്രവൃത്തി ചെയ്ത് കിഴിവുകൾ കഴിഞ്ഞ് 6,14,652/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

133.15 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള റോഡ് കോൺക്രീറ്റിംഗും റോഡിന്റെ സൈഡിൽ 133.5 മീറ്റർനീളവും 0.75 വീതിയിലും ഐറിഷ് ഡ്രയിൻ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത്. എന്നാൽ എം. ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം ഐറിഷ് ഡ്രയിൻ ഒഴിവാക്കി പകരം റോഡ്സൈഡ് ഉൾപ്പെടെ (3.4+3.4)2,(4.3+3.8)/2 എന്നീ വീതിയിൽ റോഡ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. ഐറിഷ്ഡ്രയിൻ ഒഴിവാക്കി ടി ഭാഗത്ത് റോഡ് വീതി കൂട്ടി ചെയ്യുന്നതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എൽ.എസ്.ജി.ഡി വിഭാഗം ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഐറിഷ്ഡ്രയിന് പകരം ടി ഭാഗത്ത് റോഡ് വീതി കൂട്ടി ചെയ്തതായി ബോധ്യപ്പെട്ടു. കൂടാതെ റോഡ്സൈഡിലുള്ള ഏതാനും വീടുകളുടെ മുന്നിലായി സൈഡ് കോൺക്രീറ്റിംഗ് ഇടിഞ്ഞ് ടി ഭാഗത്ത് മലിന ജലം കെട്ടിനിൽക്കുന്നതായും കണ്ടു. ആയതിന്റെ ബുദ്ധിമുട്ടുകൾ സ്ഥലവാസികൾ നേരിൽ ബോധ്യപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ അതേ കനത്തിൽ സൈഡ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ഇപ്രകാരം അപാകത വരാൻ സാധ്യതയില്ല. അതേ കരാറുകാരനെക്കൊണ്ട് തന്നെ ഈ ഭാഗം പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഐറിഷ് ഡ്രെയിൻ ഒഴിവാക്കുന്ന സാഹചര്യങ്ങളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് ആവശ്യമായ വിധം ചരിവ് കൊടുത്ത് സൈഡ്കോൺക്രീറ്റ് ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയ നിലക്ക് ടി ഭാഗത്ത് എത്ര കനത്തിൽ കോൺക്രീറ്റ് ചെയ്തു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. ഇടിഞ്ഞു താണഭാഗത്തെ സൈഡ് കോൺക്രീറ്റിംഗ് മെയിന്റനൻസ് നടത്തി രേഖകൾ ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം – 13/18-19, 04.10.2019.

ബിൽ നം. 112/18-19.



## 1-30 തെരുവ് വിളക്കുകൾക്കായി ഒന്നിലധികം പദ്ധതികൾ- ആവശ്യകത കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്നു.

2018-19 വർഷം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് മെയിൻറനൻസ് ഉൾപ്പെടെ 5 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക(രൂ) | ചെലവ്(ബിൽ നം./ തുക ) | അപാകതകൾ |
|---|---|---|---|---|
| 1 | എസ്.0350/19- എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ -വിവിധ വാർഡുകൾ -സർവ്വീസ് കണക്ഷൻ ഒടുക്കൽ | 275000/-<br>(വികസനഫണ്ട്-201501/-, തനതുഫണ്ട്- 73499/-) | 2,71,910/-<br>(ബിൽ നം.23/18-19, 15.3.19, 1,11,670/-രൂ To A.E , KSEB, വാളകം sn)<br>(ബിൽ നം.25/18-19, 15.3.19, 9,162/-രൂ To A.E , KSEB വിളക്കുടി sn)<br>(ബിൽ നം.24/18-19, 15.3.19, 18,477/-രൂ & 70409/-രൂ,ചെക്ക് നം. 063219,10.3.2019 To A.E , KSEB, കൊട്ടാരക്കര ഈസ്റ്റ് dvn)<br>ബിൽ നം.26/18-19, 15.3.19, 62,192/-രൂ To A.E , KSEB, കൊട്ടാരക്കര ഈസ്റ്റ് dvn ) | ഏതൊക്കെയിടങ്ങളിൽ സ്ഥാപിച്ചുവെന്നതിൻെറ രേഖകൾ ലഭ്യമല്ല |
| 2. | എസ്.0011/19- പുതിയ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 11,00000/-രൂ<br>(തനതു ഫണ്ട്) | 7,65,561/-<br>(ചെക്ക്.നം.02696478 11.2.2019) | യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, എൽ.ഇ.ഡി 15watt bulb എന്നിവ 630 എണ്ണം വീതം<br>യഥാക്രമം<br>1143.22/-രൂപ നിരക്കിലും 162.50/-രൂപ നിരക്കിലും വാങ്ങിയിട്ടുണ്ട്.<br>KSEB വിളക്കുടി sn, KSEB ചെങ്ങമനാട് sn, KSEB കൊട്ടാരക്കര ഈസ്റ്റ് sn എന്നിവിടങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം അനുസരിച്ച് 1260 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള 758 എണ്ണത്തെക്കുറിച്ച് യാതൊരു രേഖയും ലഭ്യമല്ല. |
| 3. | എസ്.0010/19- | 2,00,000/- | 1,39,000/- | ടെൻഡറിൽ കുറഞ്ഞ നിരക്ക് |

| | | | | |
|---|---|---|---|---|
| | ഹൈമാസ്റ്റ് ,മിനി മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി | (തനതുഫണ്ട്) | (ചെക്ക് നം. 0271256, 2.7.2018) | രേഖപ്പെടുത്തിയ ബോസ്സ് ലൈറ്റ് എന്ന സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.6.2018 ലെ 2(1) -ാം നമ്പർ തീരുമാനം പ്രകാരം തെരഞ്ഞെടുത്തു. വിവിധ വാർഡുകളിലെ ഹൈമാസ്റ്റ് ,മിനി മാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണിക്കായാണ് ടെൻഡർ ക്ഷണിച്ചതെങ്കിലും ഒരെണ്ണത്തിൽ (വെട്ടിക്കവല ജംഗ്ഷനിലെ) മാത്രമാണ് പ്രവൃത്തി നടത്തിയത്.കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രമില്ല. കരാറിൽ നിന്നും പിൻമാറിയതിന് സ്ഥാപനത്തിനു മേൽ നടപടിയും സ്വീകരിച്ചില്ല. |
| 4. | എസ്.0014/19-ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റ് പരിപാലനം. | 4,00,000/-രൂ<br>(തനതു ഫണ്ട്) | 3,67,500/-രൂപ<br>(ചെക്ക് നം. 026964774, 9.2.2019) | 1 മുതൽ 21 വരെ വാർഡുകളിൽ ഉള്ള പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ക്ഷണിച്ച<br>ടെൻഡറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബോസ്സ് ലൈറ്റ് എന്ന സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.6.2018 ലെ 2(1) -ാം നമ്പർ തീരുമാനം പ്രകാരം തെരഞ്ഞെടുത്തു. എന്നാൽ സ്ഥാപനം പദ്ധതിയിൽ നിന്നും പിൻമാറിയതിനാൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബിജു.ആർ എന്ന കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള വ്യക്തിയെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തു. ഏതൊക്കെ പോസ്റ്റുകളിൽ പ്രവർത്തനം നടത്തിയെന്നതിന് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രമില്ല. |
| 5. | എസ്.0088/19-തെരുവ് വിളക്ക് പരിപാലനം | 4,50,000/-രൂ<br>(തനതു ഫണ്ട്) | 2,65,800/-രൂ<br>(ചെക്ക് നം. 7246805,19/12/18,<br>1,57,800/-രൂപ)<br>(ചെക്ക് നം.26964676, 13.2.19<br>1,08,000/-രൂപ) | 1 മുതൽ 21 വരെ വാർഡുകളിൽ ഉള്ള പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ക്ഷണിച്ച<br>ടെൻഡറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള വ്യക്തിയെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തു. ഏതൊക്കെ പോസ്റ്റുകളിൽ പ്രവർത്തനം നടത്തിയെന്നതിന് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രമില്ല. |

**ഓഡിറ്റിന്റെ ശ്രദ്ധയിൽ പ്പെട്ട മറ്റ് അപാകതകൾ ചുവടെ പരാമർശിക്കുന്നു.**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പരാമർശിച്ച 5 പദ്ധതികളിലും നിലവിലുള്ള തെരുവുവിളക്കുകൾ കേടാകുന്ന മുറയ്ക്ക് മെയിന്റനൻസ് നടത്തിയും ആവശ്യമായ സാധനങ്ങൾ കരാറുകാരന്റെ ചുമതലയിൽ വാങ്ങി മാറ്റിയിട്ടും ആറുമാസത്തേക്ക് തുടർച്ചയായി പ്രകാശിപ്പിക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിരുന്നത്.ദർഘാസ് പരസ്യത്തിലും കരാർ നിർദ്ദേശങ്ങളിലും ഓരോ ഘട്ടത്തിന്റെയും തുടക്കത്തിൽ കേടായ ലൈറ്റ് യൂണിറ്റുകളുടെ എണ്ണവും വാങ്ങേണ്ട ഉപകരണങ്ങളുടെ എണ്ണവും കണക്കാക്കി കെ.എസ്.ഇ.ബി. എ.ഇയുടെ സാക്ഷ്യപത്രം സഹിതം ഉപകരണങ്ങൾ കരാറുകാരൻ വിതരണം

നടത്തേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. പദ്ധതിയുടെ പരിശോധനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖയിലെ (15-9-11ലെ 3055/ ഡി.എ.3/2011 lsgd)നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

1. തെരുവ്വ വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ വച്ചിട്ടില്ല.

മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ശരിയാം വിധം പരിപാലിക്കാത്ത തെരുവ് വിളക്ക് രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. തെരുവ് വിളക്ക് രജിസ്റ്ററിൽ മറ്റ് സ്റ്റേഷനറി ഉപകരണങ്ങൾ വാങ്ങിയതും രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു സാമ്പത്തിക വർഷം തന്നെ ഒന്നിലധികം പദ്ധതികളിലൂടെ അനേകം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയുടെ എണ്ണം സംബന്ധിച്ചോ ഉപയോഗം സംബന്ധിച്ചോ വ്യക്തത വരുത്തുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ല. ആവശ്യകത അനുസരിച്ചാണോ ഇത്രയധികം തെരുവ് വിളക്കുകൾ വാങ്ങിയതെന്നും വ്യക്തമല്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി

<u>എം.ജി.എൻ.ആർ.ഇ ജി.എസ്.</u>

2018-19സാമ്പത്തിക വർഷം ജല സംരക്ഷണ പ്രവർത്തികൾ, ഭവന നിർമ്മാണ പ്രവർത്തികൾ, വൃക്ഷത്തൈ നടീൽ, നഴ്സറി നിർമ്മാണം എന്നീ പ്രവർത്തികൾ മാത്രമാണ് എം.ജി.എൻ.ആർ.ഇ ജി.എസ് പദ്ധതിയിൽ ചെയതത്. 40% മെററീരിയൽ വർക്ക് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള പ്രവർത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

1) <u>നേഴ്സറി നിർമ്മാണം-തുടർ പ്രവർത്തനമില്ല:</u>

വെട്ടിക്കവലയിൽ വൃക്ഷത്തൈ നേഴ്സറി നിർമ്മിക്കുനനതിന്32398/-രൂപയുടെ എസ്ററിമേററ് തയ്യാറാക്കിയിരുന്നു. മസ്ററർ റോൾനമ്പർ 55,778,1265എന്നിവ പ്രകാരം 60 തൊഴിൽ ദിനങ്ങളിലായി പ്രവർത്തി ചെയ്ത് ഉപകരണങ്ങളുടെ വാടകയുൾപ്പെടെ16860/-രൂപതൊഴിൽ കൂലി നൽകിയിട്ടുണ്ട്. നേഴ്സറിയിൽ നിന്നുള്ള ചെടികൾ പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്തിട്ടുള്ളതായും നിലവിൽ നേഴ്സറിയിൽ തൈകളില്ല എന്നും പ്രവർത്തിയുമായി ബന്ധപ്പെട്ട ഓവർസീയർ വ്യക്തമാക്കി. 5ലക്ഷം രൂപ ഭരണാനുമതി ലഭിച്ച ടി പ്രവർത്തിക്ക്18-19വർഷം തുടർ പ്രവർത്തനം നടത്തിയിട്ടില്ല.

2) കശുമാവിൻ തൈ നടീൽ-കൃത്യമായ രേഖകളില്ല. ടി പ്രവർത്തിയുടെ എസ്ററിമേററിൽ കുഴികൾ നിർമ്മിച്ച് ചുററും ജൈവ വേലി നിർമ്മിക്കുന്നതിനുമായി ആകെ157,312/-രൂപ കണക്കാക്കിയിരുന്നു. ഇപ്രകാരം ആകെ 1287 കുഴികൾ നിർമ്മിച്ച് ചുറ്റും ജൈവ വേലി

നിർമ്മിച്ചതിന് 334 തൊഴിലാളികൾക്ക് ഇംപ്ലിമെൻറിംഗ് ചാർജജ് ഉൾപ്പെടെ ആകെ 157312/-രൂപ നൽകിയിട്ടുണ്ട്. ബ്ലോക്കോഫീസ്, സ്കൂളുകൾ റോഡിൻറ വശങ്ങൾ എന്നിവിടങ്ങളിൽ തൈകൾ നട്ടെന്നും,റോഡുസൈഡിൽ നട്ട തൈകൾ നശിച്ചു പോയെന്നും ബന്ധപ്പെട്ടവർ മറുപടി നൽകി. ആകെ

എത്ര തൈകൾ ലഭ്യമായെന്നും,എവിടെനിന്നു ലഭിച്ചുഎന്നും എത്ര എണ്ണം നട്ടു എന്നുംവ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽപ്രകാരമുള്ള പ്രവർത്തികളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തുനികുതി-നഷ്ടം 24,635/- രൂപ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഡിമാൻറ് ചെയ്ത് ഈടാക്കുന്നില്ല. കരിക്കം ഇന്റർനാഷണൽ പബ്ലിക് സ്കൂൾ, എസ്.ഡി.എ. സ്കൂൾ-കരിക്കം, ടി.ഡി.ബി.സെൻട്രൽ സ്കൂൾ-വെട്ടിക്കവല, മാർബസേലിയസ് ഓഷൻസ്റ്റാർ സ്കൂൾ, യൂനസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് എന്നിവയാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾ മാത്രമാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ സ്ഥാപനങ്ങൾ കൂടാതെ മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

**1.എസ്.ഡി.എ. സ്കൂൾ,കരിക്കം**

എസ്.ഡി.എ. സ്കൂളിന്റെ 31 ച.മീറ്റർ മാത്രം വിസ്തൃതി വരുന്ന ഒരു കെട്ടിടം മാത്രമേ (കെട്ടിട നം 1/921) അസസ്സ് ചെയ്തിട്ടുള്ളൂ. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം6പ്രകാരം ഇത് 10 വർഷം മുമ്പ് നമ്പർ നൽകിയ കെട്ടിടമാണ്. അസ്സസ്സ് ചെയ്ത കെട്ടിടത്തിന്റെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടും ഇല്ല. ഹയർസെക്കന്ററി തലം വരെയുള്ള 2000ൽ പരം കുട്ടികൾ പഠിക്കുന്ന സ്ഥാപനമായിട്ടും 31 ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടം മാത്രമെ ഇവിടെ നിലവിലുള്ളൂ എന്നത് അംഗീകരിക്കാനാകില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിലാണ് ടി സ്ഥാപനം പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാകുന്നു.

**2. ടി.ഡി.ബി. സെൻട്രൽ സ്കൂൾ**

സഞ്ചയയിൽ നിന്നും ടി.ഡി.ബി.സെന്ട്രൽ സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച യാതൊരുവിവരങ്ങളും ലഭ്യമായിട്ടില്ല. സ്കൂളിന്റെ വസ്തുനികുതി നാളിതുവരെ അസസ്സ് ചെയ്തിട്ടില്ല.ഇതിൽ നിന്നും പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിലാണ് ടി സ്ഥാപനം പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാകുന്നു.

**3.മാർബസേലിയസ് പബ്ളിക് സ്കൂൾ,ചിരട്ടക്കോണം**

സ്കൂളിന്റെ 252ച.മീറ്റർ വിസ്തൃതി വരുന്ന ഒരു കെട്ടിടമാണ് (കെട്ടിടനം 1/921) അസസ്സ് ചെയ്തിട്ടുള്ളത്. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം 6 പ്രകാരം ഇത് 10 വർഷം മുമ്പ് നമ്പർ നൽകിയ കെട്ടിടമാണ്. അസ്സസ്സ് ചെയ്ത കെട്ടിടത്തിന്റെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടും ഇല്ല. ടി സ്കൂളിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങൾ കൂടി അസസ്സ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

**തൻവർഷം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം. | കെട്ടിട നം | തറ വിസ്തൃതി | വാർഷിക വസ്തുനികുതി | ലൈബ്രറി സെസ് |
|---|---|---|---|---|

| | | (ച.മീ.) | (രൂപ) | (രൂപ) |
|---|---|---|---|---|
| 1 | 1/840<br>കരിക്കം ഇന്റർനാഷ്ണൽ പബ്ളിക് സ്കൂൾ, കരിക്കം | 2,464.53 | 22,773 | 1,085 |
| 2 | 6/920<br>മാർബസേലിയസ് പബ്ളിക് സ്കൂൾ,ചിരട്ടക്കോണം | 252 | 1,613 | 81 |
| 3 | 1/921<br>എസ്.ഡി.എ. സ്കൂൾ, വെട്ടിക്കവല | 31 | 249 | 13 |
| **ആകെ** | | | **24,635** | **1,179** |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം ഒരു പഞ്ചായത്തിന് കിട്ടാനുള്ള നികുതിക്കോ മറ്റ് തുകകൾക്കോ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷൻ നടപടിയോ തുടങ്ങാമായിരുന്ന തീയതി മുതൽ മൂന്നുവർഷത്തിനു ശേഷം ആ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്, കൂടാതെ സെക്ഷൻ 243 (3)ൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം ഏതെങ്കിലും നികുതിയോ തുകയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. നികുതി ഈടാക്കി മുതൽക്കൂട്ടാത്തപക്ഷം യഥാ കാലങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതാണ്. തൻവർഷം വസ്തുനികുതിയിനത്തിൽ നഷ്ടമായ 24,635/- രൂപയും ലൈബ്രറി സെസ് ഇനത്തിൽ നഷ്ടമായ 1,179/- രൂപയും പലിശ സഹിതം കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചത്പ്രകാരം പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും നാളിതുവരെ നികുതി അസ്സസ്സ് ചെയ്ത് ഈടാക്കാത്തതും ഉദ്യോഗസ്ഥരുടെ ഭാഗത്ത്നിന്നുള്ള ഗുരുതര വീഴ്ചയാണ്. മേൽ സ്കൂളുകളിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വിശദമായ റിപ്പോർട്ട് എൽ.എസ്.ജി.ഡി. വിഭാഗത്തിൽ നിന്ന് ലഭ്യമാക്കി നികുതി നിർണയിച്ച് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതും സമാനമായ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിച്ചും വിവരംഅറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-07/03.10.19,18/05.10.2019

നഷ്ടം-24,635/- രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.8.19-22.8.2019 | 1283/19;29.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1) ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,00,000/- | പാലിന് സബ്സിഡി | 3,00,000/- | |
| 2) ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 21,250/- | നെൽകൃഷി വികസനം | 21,250/- | 0 |
| 3) ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,24,000/- | ഭവന പുനരുദ്ധാരണം | 12,22,300/- | 17,700/- |
| 4) ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 25,50,000/- | ലൈഫ് പാർപ്പിട പദ്ധതി SC p | 22,40,000/- | 3,10,000/- |
| 5) ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000/- | ഭിന്നശേഷി യുള്ളവർക്ക് schlarship | 2,47,900/- | 21,000/- |
| 6) ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,00,000/- | സാന്ത്വന പരിചരണം | 1,00,000/- | 0 |
| 7) ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000/- | പാലിന് സബ്സിഡി | 2,15,497/- | 1,84,503/- |
| 8) ജില്ലാ പഞ്ചായത്ത് | 2018-19 | 21,250/- | നെൽകൃഷി വികസനം | 0 | 21,250/- |
| 9)ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000/- | ABC പദ്ധതി | 0 | 2,00,000/- |
| 10) ജില്ലാ പഞ്ചായത്ത് | 2018-19 | 26,69,432/- | ലൈഫ് (4R) | 21,27,700/- | 54,1,732/- |
| 11) ജില്ലാ പഞ്ചായത്ത് | 2018-19 | 25,79,984/- | ലൈഫ് (SCD) | 25,60,000/- | 19,984/- |
| 12) ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000/- | നിരപ്പിൽ അംഗനവാടി നം.45 പുതിയ കെട്ടിടം | 0 | 4,00,000/- |
| 13) ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000/- | കോട്ടവട്ടം അംഗനവാടി കെട്ടിടം | 0 | 4,00,000/- |
| 14) ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000/- | സദാനന്ദപുരം അംഗനവാടി കെട്ടിടം | 4,00,000/- | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2018-19 | 6916 | പോസ്റ്റ് ഷിഫ്റ്റിംഗ് | 6916 | 0 |
| കെ.എസ്.ഇ.ബി | 2018-19 | 70409 | എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 70409 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 38,356/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2006-07 | 3.8 | 38,356 | ശ്രീ. ബാബു കുമാർ, സെക്രട്ടറി | 118020900108, 25.3.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3.11.7 | വഴിവിളക്ക് സ്ഥാപിക്കൽ-അപാകത | അക്കൗണ്ട്സ് കമ്മിറ്റിക്കു മുൻപായി സമർപ്പിച്ചിരിക്കുന്നു. |
| 2001-02 | 3.4 | 2006-07 | 3.11.7 | ലൈൻ എക്സ്റ്റൻഷൻ | ; |
| 2007-08 | 3-22 | 2010-11 | 5.4.2 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി SGRY പദ്ധതികൾക്ക് 31.03.08ൽ അഡ്വാൻസ് നൽകി | ; |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,69,29,740/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,26,81,152/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 24,635/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | -18,67,796/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 24,635/- | - | ശ്രീ.എസ്.ശിവകുമാർ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 (എ) | 6,40,000/- | ശ്രീ.അനീഷ്,വി.ഇ.ഒ |
| 1-22 | 3,75,000/- | ശ്രീമതി.അഞ്ജു.വി.ഇ.ഒ |
| 1-25 | 3,5,396/- | ശ്രീ.എസ്. ഷിനു, സെക്രട്ടറി |
| 1-26 | 4,900/- | ശ്രീ.എസ്.ശിവകുമാർ, സെക്രട്ടറി |
| 1-27 | 8,12,500/- | ഡോ.ഡാരോൺ ജോസഫ്,വെറ്റിനറി സർജൻ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ.എസ്.ശിവകുമാർ, സെക്രട്ടറി | സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത് | ചരിഞ്ഞയ്യത്ത് വീട്, പനപ്പെട്ടി, ശാസ്താംകോട്ട, കുന്നത്തൂർ, കൊല്ലം-690520 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ക്കാൻ അവശേ ഷിക്കുന്ന

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1996-97 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 1 |
| 1997-98 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | Income part closed |
| 1998-99 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 1 |
| 1999-2000 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 2 |
| 2000-01 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 3 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 4 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 5 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 10 |
| 2004-05 | കെ എസ് എ . കെ എൽ എം -പി | 11 |

| | | |
|---|---|---|
| | 11-405/18; 19-03-18 | |
| 2005-06 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 18 |
| 2006-07 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 12 |
| 2007-08 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 13 |
| 2008-09 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 18 |
| 2009-10 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 16 |
| 2010-11 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 15 |
| 2012-13 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 3 |
| 2013-14 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

നം:-കെ.എസ്.എ.കെ.എൽ.എം.പി.11/1564/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി: 20/01/2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **<u>വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ</u>** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

No.KSA.KLM.P11/1564/2019 , Dated – 20/01/2020

AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Vettikkavala Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Vettikkavala Grama Panchayath**for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

# <u>അനുബന്ധം-2</u> <u>അനുബന്ധ പത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

*ഡെപ്യൂട്ടി ഡയറക്ടർ*

*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

*കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്*